## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.265 | 19.06.2018-ൽ മറുപടിയ്ക്ക് |
|---|---|

**പ്ലാസ്റ്റിക് നിരോധനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനിൽ അക്കര<br>,, വി.ഡി.സതീശൻ<br>,, ഹൈബി ഈഡൻ<br>,, അനൂപ് ജേക്കബ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധിക്കുന്നതിനെക്കുറിച്ച് കേരള ഹൈക്കോടതി സംസ്ഥാന സർക്കാരിൽ നിന്നും അഭിപ്രായം ആരാഞ്ഞിരുന്നോ; | (എ) | ആൾ കേരള റിവർ പ്രൊട്ടക്ഷൻ കൗൺസിൽ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 5636/2016-ൽ സംസ്ഥാനത്ത് പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉൽപാദനം (manufacture), വിപണനം (sale), ഉപയോഗം എന്നിവ Environment Act 1986 ലെ വ്യവസ്ഥകൾ പ്രകാരം പൂർണ്ണമായും നിരോധിക്കുന്നതിനുള്ള സാധ്യത (possibility) സംബന്ധിച്ച് ബഹു.ഹൈക്കോടതി സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. |
| (ബി) | കേരളത്തിൽ പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിക്കാൻ സാധിക്കില്ല എന്ന നിലപാടാണോ സർക്കാർ ഹൈക്കോടതിയിൽ സ്വീകരിച്ചിരുന്നത്; എങ്കിൽ ഇതിനുള്ള കാരണം വിശദീകരിക്കാമോ; ഈ വിഷയത്തിലുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം വിശദമാക്കാമോ; | (ബി) & (സി) | കേരളത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണ്ണമായും നിരോധിക്കുന്നത് പ്രായോഗികമല്ല എന്ന നിലപാടാണ് പ്രസ്തുത കേസിൽ സർക്കാർ (Environment Dept) സ്വീകരിച്ചിട്ടുള്ളത്. പ്രകൃതിക്ക് ദോഷംവരാത്ത രീതിയിൽ പ്ലാസ്റ്റിക്കിന് ബദലായി വ്യാപകമായി ഉപയോഗിക്കാവുന്ന വസ്തുക്കളുടെ യഥേഷ്ട ലഭ്യത ഉറപ്പാക്കാതെ സംസ്ഥാനത്ത് പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തുന്നത് നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ല എന്നതാണ്, ടി കേസിൽ സർക്കാർ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിൽ പ്രസ്തുത നിലപാട് സ്വീകരിക്കുവാനുണ്ടായ കാരണം.<br><br>പകരം ഉപയോഗിക്കാവുന്ന വസ്തുക്കളുടെ യഥേഷ്ട ലഭ്യത ഉറപ്പാക്കാതെ എല്ലാതരം പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്കും സമ്പൂർണ്ണമായ നിരോധനം ഉടനടി ഏർപ്പെടുത്തുന്നത് സംസ്ഥാനത്ത് പ്രായോഗികമല്ല എന്ന നിലപാടാണ് ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനുമുള്ളത്.<br><br>Environment Protection Act 1986 ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച Plastic Waste Management Rules 2016 പ്രകാരം 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾക്ക് മാത്രമാണ് നിരോധനം ബാധകമാക്കിയിട്ടുള്ളത്. ഇതനുസരിച്ച് 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ ഉൽപാദനത്തിനും ഉപയോഗത്തിനുമുള്ള നിരോധനം സംസ്ഥാനത്തും ബാധകമാണ്. |
| (സി) | ഇന്ത്യയിൽ പതിനെട്ടോളം സംസ്ഥാനങ്ങൾ പ്ലാസ്റ്റിക് നിരോധിച്ചിട്ടും രാജ്യത്ത് വിദ്യാഭ്യാസ നിലവാരത്തിൽ ഒന്നാമതായ കേരളം എന്തുകൊണ്ടാണ് പ്ലാസ്റ്റിക് നിരോധിക്കാൻ തയ്യാറാകാത്തതെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | Plastic Waste Management Rules 2016 ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്ക് കാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലറായി പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം ഉപയോഗിക്കുവാൻ പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തി അവയുടെ യഥേഷ്ട ലഭ്യത ഉറപ്പാക്കിക്കൊണ്ട് ഘട്ടം ഘട്ടമായി പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഗണ്യമായി കുറച്ചുകൊണ്ട് വരുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം സ്ഥാപന-ഗാർഹിക തലത്തിൽ നിന്നും പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ച് പുനചംക്രമണ സാധ്യമായവയെ recycle ചെയ്തും അല്ലാത്തവയെ ഷ്രഡ് ചെയ്ത് റോഡ് ടാറിംഗിന് ലഭ്യമാക്കിയും പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ